# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA.PKD 14-1254/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 05/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA.PKD 14-1254/22 തീയ്യതി: 05/07/2022

## പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 22-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശിഭൂഷൺ.ഇ. | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
ഉഷാകുമാരി.വി.ടി. -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബീന.എം.വി. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ. -ഓഡിറ്റർ
രാജൻ.കെ. -ഓഡിറ്റർ ട്രെയിനി
(2020-21 വർഷത്തെ ഓഡിറ്റ് കൂടി ഇതോടൊപ്പം നടത്തിയിട്ടുണ്ട്)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.കെ.അംബുജാക്ഷൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശാന്തി കമ്മത്ത് | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ശ്രീ.അശ്വിൻ.ടി. | കൃഷി ഓഫീസർ | 24-09-2019 | 31-03-2020 |
| ശ്രീ.സജീവൻ.കെ.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീമതി.റീജ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 02-09-2019 |
| ശ്രീമതി.ലീലാവതി.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 03-09-2019 | 09-01-2020 |
| ശ്രീ.ഫെബിൻ.പി.പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-01-2020 | 31-03-2020 |
| ഡോ.അഞ്ജു.എം.ഹനീഫ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ.ഒ.വി. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.വിനേഷ്.പി.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.എൻ.ശിവകുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.എ.ജയകൃഷ്ണൻ | പ്രധാന അധ്യാപകൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനുഷ.ജെ. | വി.ഇ.ഒ.I | 01-04-2019 | 31-03-2020 |
| ശ്രീ.മൂർത്തി.എ. | വി.ഇ.ഒ.II | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിമിലാൽ.ടി.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ടി.ഗിരീഷ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.അഫ്സ.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 14-07-2019 |
| ശ്രീമതി.ബിന്ദു.എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-07-2019 | 09-08-2019 |
| ശ്രീമതി.അഫ്സ.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-08-2019 | 16-09-2019 |
| ശ്രീമതി.ശ്രീജ.വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-09-2019 | 20-09-2019 |
| ശ്രീമതി.വിധു വർക്കി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-09-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 24-05-2022)<br>Last Updated By: Geetha K (Auditor, On 07-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Geetha K (Auditor, On 07-06-2022)<br>Last Updated By: Geetha K (Auditor, On 07-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Geetha K (Auditor, On 07-06-2022)<br>Last Updated By: Geetha K (Auditor, On 07-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: V.T. Ushakumari (Asst. Audit Officer, On 05-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 05-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 29-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 05-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 29-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 05-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 05-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 01-06-2022)<br>Last Updated By: Geetha K (Auditor, On 01-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: P. Sujatha (Audit Officer, On 13-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 25-05-2022)<br>Last Updated By: P. Sujatha (Audit Officer, On 25-05-2022) | 1-10 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Geetha K (Auditor, On 01-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-11 |
| 13 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ(എംപ്ലോയ്സ് & ട്രെഡേഴ്സ്) ഒരുമിച്ച് തയ്യാറാക്കിയിരിക്കുന്നു.<br>Written By: Geetha K (Auditor, On 02-06-2022)<br>Last Updated By: Geetha K (Auditor, On 12-06-2022) | 1-11-1 |
| 14 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: V.T. Ushakumari (Asst. Audit Officer, On 07-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 07-06-2022) | 1-12 |
| 15 | കടമുറികളുടെ വാടക - രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 05-06-2022)<br>Last Updated By: P. Sujatha (Audit Officer, On 13-06-2022) | 1-13 |
| 16 | കാർഷിക ഉല്പന്നങ്ങൾക്ക് പ്രോത്സാഹനം- നീര ഉല്പാദനം - തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല - . | 1-14 |

| | | |
|---|---|---|
| | Written By: M.V.Beena (Senior Grade Auditor, On 05-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 13-06-2022) | |
| 17 | അങ്കണവാടി പോഷകാഹാരം - ആരോഗ്യ മിക്സ്/ ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 02-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-15 |
| 18 | അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക നൽകി<br>Written By: K. Rajan (Auditor Trainee, On 04-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 04-06-2022) | 1-16 |
| 19 | ആശ്രയ പദ്ധതി - അവലോകനം<br>Written By: K. Rajan (Auditor Trainee, On 04-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 1-17 |
| 20 | പാലിന് സബ്സിഡി പദ്ധതി - സാമ്പത്തികവർഷത്തിൽ എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചില്ല.<br>Written By: M.V.Beena (Senior Grade Auditor, On 05-06-2022)<br>Last Updated By: P. Sujatha (Audit Officer, On 12-06-2022) | 1-18 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 06-06-2022)<br>Last Updated By: P. Sujatha (Audit Officer, On 12-06-2022) | 1-19 |
| 22 | കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: P. Sujatha (Audit Officer, On 12-06-2022) | 1-20 |
| 23 | ഹനുമന്ത് എസ്.ടി. കോളനി കുടിവെള്ള പദ്ധതി -പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: P. Sujatha (Audit Officer, On 12-06-2022) | 1-20-1 |
| 24 | വാദ്ധ്യാർചള്ള കുടിവെള്ള പദ്ധതി -പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: P. Sujatha (Audit Officer, On 12-06-2022) | 1-20-1 |
| 25 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/കുറവായി ഈടാക്കി<br>Written By: P. Sujatha (Audit Officer, On 06-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-21 |
| 26 | സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: P. Sujatha (Audit Officer, On 12-06-2022) | 1-22 |
| 27 | പഞ്ചായത്ത് കല്ല്യാണ മണ്ഡപം നിർമ്മാണം -അപാകതകൾ<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: P. Sujatha (Audit Officer, On 01-07-2022) | 1-23 |
| 28 | ലൈഫ് KURDFC വായ്പ -ബാധ്യത തുക ക്രമീകരിക്കണം<br>Written By: V.T. Ushakumari (Asst. Audit Officer, On 18-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 18-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: P. Sujatha (Audit Officer, On 24-05-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 25-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 07-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 05-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 02-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V.T. Ushakumari (Asst. Audit Officer, On 05-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 05-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: P. Sujatha (Audit Officer, On 24-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: P. Sujatha (Audit Officer, On 24-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 24-05-2022)<br>Last Updated By: P. Sujatha (Audit Officer, On 24-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 12-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 18-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

27.02.2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 43383131 |
| പ്രതീക്ഷിത വരവ് | 242852340 |
| ആകെ വരവ് | 286235471 |
| ചെലവ് | 106051976 |
| നീക്കിയിരിപ്പ് | 180183495 |

25.03.2020 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-07-2020 | 16-06-2020 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. WGDP അക്കൗണ്ട്ന്റെ റികൺസിലിയേഷൻ ചെയ്തിട്ടില്ല.

2. മറ്റ് ഫണ്ടുകളുടെയും സംയുക്ത പദ്ധതികൾക്കുള്ള ഫണ്ടുകളുടെയും വരവു ചെലവ് വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ട്രഷറി എസ്.ബി അക്കൗണ്ട് (നം 28 ) 2019-20 ൽ ക്ലോസ് ചെയ്തുവെങ്കിലും സാംഖ്യ സോഫ്റ്റ്‌വെയറിൽ ഫ്രീസ് ചെയ്യാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിലും സാംഖ്യ ബാങ്ക് ബുക്കിൽ ഇടപാടുകൾ തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാംഖ്യയിൽ പ്രസ്തുത അക്കൗണ്ട് ഫ്രീസ് ചെയ്തിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

5. തനത് വരവ് ഇനങ്ങളുടെ- ലൈസൻസ് ഫീ, പെർമിറ്റ് ഫീ, റെഗുലറൈസേഷൻ ഫീ, വാടക, ലേലം തുടങ്ങിയവയുടെ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് ഓഡിറ്റിന് കണക്കുകൾ ലഭ്യമാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഇനത്തിലുള്ള വരവ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ (എംപ്ലോയ്സ്, ട്രെഡേഴ്സ്) എന്നിവ വെവേറെ തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ എംപ്ലോയ്സ്, ട്രെഡേഴ്സ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒരുമിച്ച് ചേർത്താണ് വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 70550606 |
| വരവ് | 209544051 |
| ആകെ | 280094657 |
| ചെലവ് | 197760392 |
| നീക്കിയിരിപ്പ് | 82334265 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 31794184 | 31794184 | 31619479 | 174705 |
| വികസനഫണ്ട് എസ്.സി.പി | 0 | 15110353 | 15110353 | 7002116 | 8108237 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2571471 | 2571471 | 2057455 | 514016 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15427000 | 15427000 | 4086140 | 11340860 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7307000 | 7307000 | 3241632 | 4065368 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 25841370 | 25841370 | 8081579 | 17759791 |

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹41962977 വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹4147059, കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ കുടിശ്ശിക തുക ₹27966 എന്നിവ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹117647 വികസന ഫണ്ട് എസ്.സി.പി. വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്. ശേഷിക്കുന്ന അലോട്ട്മെന്റ് തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 3007128 | 451851 | 3458979 | 1255000 | 2203979 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3322 | 2156759 | 2160081 | 2,155,537 | 4544 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 31655897 | 31655897 | 31655897 | 0 |
| ആകെ | 3322 | 33812656 | 33815948 | 33811404 | 4544 |

3. ശുചിത്വ ഫണ്ട്

| സമ്പൂർണ്ണ ശുചിത്വം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗോബർധൻ | 860000 | 0 | 860000 | 142500 | 717500 |
| ടോയ്‌ലറ്റ് റിപ്പയർ | 1499139 | 0 | 1499139 | 936940 | 562199 |
| ആകെ | 2359139 | 0 | 2359139 | 1079440 | 1279699 |

4. WGDP

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| WGDP | 247504 | 8060 | 255564 | 0 | 255564 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 27180000 | 27180000 | 26900000 | 280000 |
| സാക്ഷരത | 9370 | 0 | 9370 | 0 | 9370 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 318045917 | 138 | 161848454 | --- | 127 | 52.08 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 14684672 | 10203015 | 69.48 |
| വി.ഇ.ഒ. I | 15 | 11 | 146658954 | 80979320 | 55.22 |
| വി.ഇ.ഒ.II | 1 | 1 | 3450000 | 1987500 | 57.61 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24 | 16 | 12696420 | 8456971 | 66.61 |
| സെക്രട്ടറി | 38 | 27 | 36470685 | 24728525 | 67.8 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 126 | 39 | 79503998 | 22447008 | 28.23 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 880000 | 772498 | 87.78 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 2 | 1700000 | 1000000 | 58.82 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 350000 | 350000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 2613120 | 1845810 | 70.64 |
| പ്രധാന അധ്യാപകൻ | 14 | 10 | 3895440 | 2627810 | 67.46 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 1700128 | 45838 | 2.7 |
| അസിസ്റ്റന്റ് സെക്രട്ടറി | 21 | 12 | 13442500 | 6404159 | 47.64 |
| ആകെ | 265 | 138 | 318045917 | 161848454 | 50.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3322 | 2156759 | 2160081 | 2,155,537 | 4544 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31655897 | 31655897 | 31655897 | 0 |
| ആകെ | 3322 | 33812656 | 33815948 | 33811404 | 4544 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 83280 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 1048800 | 462 |
| വിധവാപെൻഷൻ | 3962400 | 1697 |
| വാർദ്ധക്യകാല പെൻഷൻ | 9123000 | 3870 |
| വികലാംഗ പെൻഷൻ | 1129100 | 485 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ. | 237600 | 102 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.05.2022 ന് 3.30 Pm ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24930/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം

സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 41962977/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ഓഡിറ്റ് കാലയളവിൽ പൂർത്തിയായ പഞ്ചായത്ത് കല്യാണ മണ്ഡപം വാടകയ്ക്ക് നല്കുന്നതിന് ബൈലോ തയ്യാറാക്കേണ്ടതും വാടക പി.ഡബ്ലിയു.ഡി. കെട്ടിടവിഭാഗം എഞ്ചിനീയറുടെ വാല്യേഷൻ പ്രകാരം നിർണ്ണയിക്കേണ്ടതുമാണ്. കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ വൈദ്യുത കണക്ഷൻ കൂടി ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.4.2022 | മാർച്ച് 2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.04.19മുതൽ 27.04.19 വരെ | 2015-16 To 2018-19 | LBA/CH(Q)III /III/8A- 6/2019-20/51 Dt.29.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്(സപ്ലിമെന്ററി ഓഡിറ്റ്) | --- | 2017-18 | AMG-I/III/8B- 06/2019-20 Dt.25.4.2019 |

അക്കൌണ്ടന്റ് ജനറലിന്റെ 2014-15 To 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (തീർപ്പാക്കിയ ഖണ്ഡികകൾ - II(i), IX, X, X(iii), XI, XII)

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്(സപ്ലിമെന്ററി ഓഡിറ്റ്) റിപ്പോർട്ടിൽ 4 ഖണ്ഡികയിൽ 1 എണ്ണം തീർപ്പാക്കി.

## 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | കനറാ ബാങ്ക്, Sme കഞ്ചിക്കോട് | 2 |
| 2 | കനറാ ബാങ്ക്, IITകഞ്ചിക്കോട് | 1 &2 |
| 3 | IOB, കഞ്ചിക്കോട് | 2 |
| 4 | ഫെഡറൽ ബാങ്ക്,LCRD,കഞ്ചിക്കോട് | 1&2 |
| 5 | കാത്തലിക് സിറിയൻ ബാങ്ക് | 2 |
| 6 | സ്വാതി പാക്കിംങ്ങ് Pvt Ltd, കഞ്ചിക്കോട് | 2 |
| 7 | പ്രാക്കോസ് ടെക്നോളജി Pvt Ltd, കഞ്ചിക്കോട് | 2 |
| 8 | ജി.ജെ മൾട്ടിക്ലേവ് Pvt Ltd, കെ.ആർ.എസ് കോംപ്ലക്സ് | 2 |
| 9 | ഇ.എഫ്. എസ് ഫെസിലിറ്റി സർവ്വീസസ്, Pvt Ltd, കഞ്ചിക്കോട് | 2 |
| 10 | പ്രീക്കോട്ട് മെറീഡിയൻ ലിമിറ്റഡ്, കഞ്ചിക്കോട് | 2 |
| 11 | KNR കൺസ്ട്രക്ഷൻ, ടോൾവേ Pvt Ltd, അട്ടപ്പള്ളം | 2 |
| 12 | KNR കൺസ്ട്രക്ഷൻ Ltd, KL-2 പാക്കേജ് | 2 |
| 13 | പാലക്കാട് റബർ Pvt Ltd, കഞ്ചിക്കോട് | 2 |
| 14 | വെർടെക്സ് ബാറ്ററീസ് | 2 |
| 15 | മലബാർ ഇലക്ട്രിക് സെൽ | 2 |
| 16 | മാരികോ Ltd, കഞ്ചിക്കോട് | 2 |
| 17 | എസ്.എസ്. സ്ക്രാപ് ബിസിനസ്, ചടയൻകലായി | 2 |
| 18 | സ്റ്റീൽ മാക്സ് റോളിംങ്ങ് മില്ല് | 2 |
| 19 | സിനിക്കോൺ കൺട്രോൾ പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട് വെസ്റ്റ് | 2 |
| 20 | ഫിലാടെക്സ് വെച്ചുകുന്നേൽ Pvt Ltd, പാമ്പാംപള്ളം | 1&2 |

| | | |
|---|---|---|
| 21 | എൽജി റബർ കമ്പനി ലിമിറ്റഡ്, കഞ്ചിക്കോട് | 2 |
| 22 | വിടാൻ Ltd, ആചാരി ബിൽഡിംങ്ങ്, കഞ്ചിക്കോട് | 2 |
| 23 | മൂത്തൂറ്റ് ഫിൻ കോർപ്, കഞ്ചിക്കോട് | 2 |
| 24 | ബ്രോക്കേഡ് ഇന്ത്യ പോളി ടെക്സ് Ltd, കിൻഫ്ര, കഞ്ചിക്കോട് | 2 |
| 25 | ആക്ടീവ് ചാർ പ്രൊഡക്റ്റ് Ltd, കഞ്ചിക്കോട് | 2 |
| 26 | സെയ്ന്റ് ഗോബൈയ്ൻ ഇന്ത്യ Ltd, കഞ്ചിക്കോട് | 2 |
| 27 | ഇഎംപി ഹോളിഡേ Ltd കഞ്ചിക്കോട് | 2 |
| 29 | നോവാ ടീക് നിറ്റ്,മലമ്പുഴ റോഡ്, കഞ്ചിക്കോട് | 2 |
| 30 | സ്പോട്ടൺ ലോജിസ്റ്റിക്സ് Pvt Ltd, കഞ്ചിക്കോട് | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 31 | AKS കോൾഡ് സ്റ്റോറെജ് Ltd, കിൻഫ്ര, കഞ്ചിക്കോട് | 2 |
| 32 | മെഡിലിങ്ക് എന്റർപ്രൈസസ് Pvt Ltd, പുതുശ്ശേരി | 2 |
| 33 | ക്യാപ്സ്റ്റോൺ ഇന്റസ്ട്രീസ് Pvt Ltd, കഞ്ചിക്കോട് | 2 |
| 34 | എം.എം പോലിടെക്സ് Ltd, കഞ്ചിക്കോട് | 2 |
| 35 | പ്രഭ കോൺക്രീറ്റ് പ്രൊഡക്റ്റ്, കഞ്ചിക്കോട് | 2 |
| 36 | ഐ.ടി.ഐLtd, കഞ്ചിക്കോട് | 2 |
| 37 | ലാൽ സ്റ്റീൽ Pvt Ltd, കഞ്ചിക്കോട് വെസ്റ്റ് | 2 |
| 38 | ലോത് ഇന്ത്യ കോർപ്പറേഷൻ, കഞ്ചിക്കോട് | 2 |
| 39 | പയോനിയർ റൂഫിങ്ങ് കമ്പനി, പാമ്പാംപള്ളം, | 2 |

| | കഞ്ചിക്കോട് | |
|---|---|---|

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 10/30.5.2022 ന് സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി താമസവിന അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.

സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-11-1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ(എംപ്ലോയ്സ് & ട്രേഡേഴ്സ്) ഒരുമിച്ച് തയ്യാറാക്കിയിരിക്കുന്നു.

തൊഴിൽ നികുതി ഇനത്തിലുള്ള വരവ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ (എംപ്ലോയ്സ്, ട്രേഡേഴ്സ്) എന്നിവ വെവേറെ തയ്യാറാക്കേണ്ടതും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ആയത് ലെഡ്ജറുമായി പൊരുത്തപ്പെടുത്തുകയും വർഷാന്ത്യത്തിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 2019-2020 വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റര് എംപ്ലോയ്സ് & ട്രേഡേഴ്സ് ഒരുമിച്ച് തയ്യാറാക്കിയിരിക്കുന്നു. ലൈസൻസ് രജിസ്റ്റർ പ്രകാരം 619 സ്ഥാപനങ്ങൾ 2019-2020 ലൈസൻസ് നല്കിയിട്ടുണ്ട്.

എംപ്ലോയ്സ് & ട്രേഡേഴ്സ് എന്നിവയ്ക്ക് വെവേറെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വസിഷൻ 10/30-05-2022 ന് ഇനി വരും വർഷങ്ങളിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ (എംപ്ലോയ്സ്, ട്രേഡേഴ്സ്) വെവേറെ തയ്യാറാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ സൂചിപ്പിച്ച പ്രകാരം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതാണ്.

## 1-12 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

2019-20 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം. | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 5/19-20സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | ട്രഷറി ബിൽ നം11/24.6.19,12 /12.7.19,48 /10.3.20,49/ 13.3.20 | 19,17,354 | - | 1917354 |
| | 252/19-20 വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900486, 487,488 തി.22/7/19 21901237/ 3.12.19 | 1,96,053 | - | 1,96,053 |
| KWA | 293 പൊതുടാപ്പ് | 21902129/ 10.3.20 | 290200 | - | 290200 |

| | ഒഴിവാക്കൽ | | | | |
|---|---|---|---|---|---|

## 1-13 കടമുറികളുടെ വാടക - രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകപിരിവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകളുള്ളതായി ബോധ്യപ്പെട്ടു..

1). പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

2) ചട്ട പ്രകാരം വാടക കരാർ ചമച്ചത് ഹാജരാക്കിയില്ല.

ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ വാടകക്ക് നൽകിയ വ്യക്തികളുമായി പഞ്ചായത്ത് നിയമാനുസൃതമായ കരാറിലേർപ്പെട്ടിട്ടില്ല. കടമുറികൾ വാടകയ്ക്കു നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമയ്ക്കേണ്ടതാണ്

3). പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ളക്സിലെ 19/490 ,19/491, 19/492 എന്നീ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ പുതുശ്ശേരിയിൽ സാംസ്കാരികനിലയം വാടകക്ക് നൽകിയതിന്റെയും വാർഷികകണക്കിൽ വരവുണ്ട്. കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇ.കെ നായനാർ സ്മാരക കൺവൻഷൻ സെന്റർ / കല്യാണമണ്ഡപം വാടകക്കു നൽകാനായി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് വർഷം വരെയുള്ള ചെലവ് ₹65112912/- ആണ്. ഓഡിറ്റ് കാലയളവിൽ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.



പഞ്ചായത്ത് കല്യാണ മണ്ഡപം







താഴത്തെ നില- എ.സി. ഹാൾ മുകളിലത്തെ നില

കെട്ടിടങ്ങളുടെ പരിപാലനം ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും 8 കോടിയിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച കൺവെൻഷൻ സെന്റർ ആയതിനാൽ പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എഞ്ചിനീയറുടെ വാല്വേഷൻ പ്രകാരം വാടക നിശ്ചയിച്ച് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബൈലോ തയ്യാറാക്കേണ്ടതുമാണ്.

*4). പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ചട്ട പ്രകാരമുള്ള സംവരണം ഉറപ്പാക്കേണ്ടതാണ്*

*2005 ലെ കേരള പഞ്ചായത്ത് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കു വേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. 2019-20 , 2020-21 വർഷങ്ങളിലെ വാടക രജിസ്റ്ററിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്യപ്പെട്ട മുറികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും അർഹമായ കടമുറികൾ അനുവദിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.*

*മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 12, തീയതി- 31.05.2022 )മറുപടി ലഭ്യമാക്കിയില്ല.*

1-14 കാർഷിക ഉല്പന്നങ്ങൾക്ക് പ്രോത്സാഹനം- നീര ഉല്പാദനം - തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല - .

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
അടങ്കൽ- 167286 രൂപ (വികസന ഫണ്ട്- ജനറൽ)
ചെലവ്- 167286 രൂപ

ബിൽ നമ്പർ – 1 തീയതി 30.05.19 - 167286

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് നീര ഉല്പാദനം. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മലമ്പുഴ ബ്ളോക്ക് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയുടെ യുടെ 035701000010685 നമ്പർ അക്കൗണ്ടിലേക്ക് പ്രവർത്തനഫണ്ടായി 167286 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുക എപ്രകാരം വിനിയോഗിച്ചു എന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 4. തീയതി, 28.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

1-15 അങ്കണവാടി പോഷകാഹാരം - ആരോഗ്യ മിക്സ്/ ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയിട്ടില്ല

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ ശക്തി ആരോഗ്യ ഫുഡ്സ്, കൊങ്ങപ്പാറ, കോഴിപ്പാറ (GSTIN-32ACNFS3682H1ZU) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. 2 പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 10/19-20 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്-2750000<br>കേന്ദ്രവിഹിതം-1255000 |
| ആകെ | 4005000/- |
| ചെലവ് | വികസന ഫണ്ട്-2750000<br>കേന്ദ്രവിഹിതം-1255000<br>ആകെ- 4005000/- |
| ബിൽ /ചെക്ക് നം/തിയതി | 6/29.7.19- 468809/-<br>7/ „ - 504677/-<br>8/ „ - 461396/-<br>9/ „ - 162300/-<br>14/31.8.19- 313795/-<br>17/ „ - 305393/-<br>21/18.11.19- 523941/-<br>47/26.2.20- 9689/-<br>140941/10.12.19-146493/-<br>141006/20.2.20- 73015/-<br>141094/28.3.20- 911033/-<br>139979/4.9.19- 124459/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 502/21.2.19 | 49938/- |
| 2 | 501/21.2.19 | 119910/- |

| | | |
|---|---|---|
| 3 | 550/27.4.19 | 140140/- |
| 4 | 450/28.12.19 | 141610/- |
| 5 | 427/25.1.20 | 120540/- |
| 6 | 479/25.1.20 | 87348/- |
| 7 | 478/25.1.20 | 57072/- |
| 8 | 551/27.4.20 | 48546/- |
| 9 | 552/27.4.20 | 22198/- |
| 10 | 577/25.5.20 | 20898/- |
| 11 | 576/25.5.20 | 47502/- |
| 12 | 575/25.5.19 | 15080/- |
| 13 | 600/27.6.19 | 44892/- |
| 14 | 601/27.6.19 | 17322/- |
| 15 | 526/26.3.20 | 48198/- |
| 16 | 528/26.3.20 | 150430/- |
| 17 | 624/27.7.19 | 139160/- |
| 18 | 625/27.7.19 | 49938/- |
| 19 | 711/27.6.19 | 109410/- |
| 20 | 627/20.9.19 | 145040/- |
| 21 | 648/20.9.19 | 52374/- |
| 22 | 672/17.10.19 | 52374/- |
| 23 | 673/17.10.19 | 77256/- |
| 24 | 621/17.10.19 | 145040/- |
| 25 | 715/23.11.19 | 50982/- |
| 26 | 714/23.11.19 | 127050/- |
| | ആകെ | 2079248/- |

| | |
|---|---|
| പ്രൊജക്റ്റ് | 22/19-20 അനുപൂരക പോഷകാഹാരം (എസ്.സി) |
| അടങ്കൽ | വികസന ഫണ്ട്(എസ്.സിപി)-723500/-<br>കേന്ദ്രവിഹിതം-100000/- |
| ആകെ | 823500/- |
| ചെലവ് | വികസന ഫണ്ട്(എസ്.സിപി)-592111/-<br>കേന്ദ്രവിഹിതം-0<br>ആകെ- 592111/- |
| ബിൽ /ചെക്ക് നം/തിയതി/തുക | 2/15.7.19-152196/-<br>15/3.8.19-76134/-<br>19/18.11.19-53237/-<br>73/30.3.20-107975/-<br>67/18.3.20-98990/-<br>48/26.2.20-103579/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 547/27.4.19 | 19390/- |
| 2 | 548/27.4.19 | 8526/- |
| 3 | 549/27.4.19 | 15080/- |
| 4 | 578/25.5.19 | 15330/- |

| | | |
|---|---|---|
| 5 | 579/25.5.19 | 8526/- |
| 6 | 580/25.5.19 | 15892/- |
| 7 | 602/27.6.19 | 17850/- |
| 8 | 603/27.6.19 | 8700/- |
| 9 | 604/27.6.19 | 4095/- |
| 10 | 525/27.3.19 | 6612/- |
| 11 | 529/26.3.19 | 16415/- |
| 12 | 621/27.7.19 | 19110/- |
| 13 | 622/27.7.19 | 8526/- |
| 14 | 654/20.9.19 | 9396/- |
| 15 | 653/20.9.19 | 20090/- |
| 16 | 782/24.2.19 | 6510/- |
| 17 | 783/24.2.19 | 3306/- |
| 18 | 785/24.2.19 | 18690/- |
| 19 | 786/24.2.19 | 6786/- |
| 20 | 787/27.2.19 | 3120/- |
| 21 | 674/17.11.19 | 20090/- |
| 22 | 675/17.11.19 | 9396/- |
| 23 | 676/17.11.19 | 14732/- |
| 24 | 756/23.1.20 | 19390/- |
| 25 | 757/23.1.20 | 7656/- |
| 26 | 758/23.1.20 | 3283/- |
| 27 | 708/23.11.19 | 17220/- |
| 28 | 709/23.11.19 | 9396/- |
| 29 | 710/23.11.19 | 4160/- |
| | ആകെ | 337273/- |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.2/26.5.22) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി -ടി.ഡി.എസ്. ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

2% ടി.ഡി.എസ്. ഈടാക്കാതെ സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ നിയമാനുസൃതമായ കിഴിവ് നടത്തിയതിനു ശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക നൽകി

| | |
|---|---|
| പ്രൊജക്ട് | 46/19-20 - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി)-14 ലക്ഷം<br>ആകെ - 14 ലക്ഷം |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-8 ലക്ഷം<br>ആകെ - 8 ലക്ഷം |
| ബിൽ നം. | ബിൽ നം.31/17.10.19-150000/-<br>36/22.11.19-100000/- |

| | |
|---|---|
| | 40/29.11.19-50000/-<br>42/28.12.19-100000/-<br>43/28.12.19-100000/-<br>54/28.1.20- 200000/-<br>55/28.1.20-50000/-<br>56/28.1.20-50000/- |

പഞ്ചായത്ത് പരിധിയിലെ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിനായി ധനസഹായം നല്കുക എന്നതാണ് മേൽ പ്രൊജക്റ്റ് വഴി ലക്ഷ്യമിട്ടത്. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി-29-01-2018 ഖണ്ഡിക 7.2.17 പ്രകാരം പഠനമുറിയ്ക്ക് ധനസഹായമായി ആകെ 2 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. ഇതിൽ 50,000/- രൂപ മുൻകൂർ നല്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കേണ്ടത്. സ.ഉ(സാധാ) നം.221/2020/തസ്വഭവ തിയതി 28-01-2020 പ്രകാരം തുക ഗഡുക്കളായി അനുവദിക്കുന്നതിന് സ്പഷ്ടീകരണം നല്കിയിട്ടുണ്ട്. 50,000/- രൂപ ആദ്യഗഡുവായും ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ട് ഗഡുക്കളായും നല്കാവുന്നതാണ്. ആദ്യ ഗഡു നല്കി നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവും പഠനമുറി പൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവും നല്കാവുന്നതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | മണി.വി, S/o വേലായുധൻ,ഉമ്മിണികളം |
| 2 | സുമിത്ര W/o മുരുകദാസൻ,കുന്നേക്കാട് |
| 3 | ശാന്തകുമാരി W/o സുരേഷ്, 4 സെന്റ് കോളനി, കൊളയക്കോട് |
| 4 | വാസു, പുലച്ചേരി ഹൌസ്, പുതുശ്ശേരി |
| 5 | സുരേഷ് S/o അപ്പുകുട്ടൻ, പി.കെ. ചള്ള, പുതുശ്ശേരി. |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.7/30.5.22) അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിവിരം ഓഡിറ്റിനെ അറിയിക്കാമെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ഭാവിയിൽ മാർഗ്ഗരേഖയ്ക്കനുസൃതമായി പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 ആശ്രയ പദ്ധതി - അവലോകനം

പഞ്ചായത്ത് തലത്തിൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭവന രഹിതർ, അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവർ തുടങ്ങി 9 ക്ലേശഘടകങ്ങളിൽ 7 ക്ലേശഘടകങ്ങളും 1 പ്രത്യേക ക്ലേശഘടകവും ബാധകമാക്കി അയൽക്കൂട്ടങ്ങളുടെ പിന്തുണയോടെ ഓരോ വാർഡിലും എ.ഡി.എസ് കണ്ടെത്തി പട്ടിക സി.ഡി.എസിന് കൈമാറി പ്രത്യേക (അഗതി) ഗ്രാമസഭ ചേർന്ന് കരട് പട്ടിക തയ്യാറാക്കി കമ്മറ്റി അംഗീകാരം ലഭ്യമാക്കി തയ്യാറാക്കാവുന്നതാണ്. ഇത്തരം ഗുണഭോക്താക്കൾക്ക് (1)ഭക്ഷണം (2)ആരോഗ്യം (3)വസ്ത്രം (4)പെൻഷൻ(5)വിദ്യാഭ്യാസം എന്നീ കാര്യങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിലുള്ള ആശ്രയ പദ്ധതി പരിഷ്കരിച്ച് അഗതി രഹിത കേരളം പദ്ധതിയായി സർക്കാർ ഉത്തരവ് (എം.എസ് )നം:252/2017/LSGD/12.12.2017 പ്രകാരം കുടുംബശ്രീ-അഗതി രഹിത

കേരളം പദ്ധതി -പരിചരണ സേവനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ഓഡിറ്റ് കാലയളവിൽ സി.ഡി.എസി ന് കീഴൽ 293ഗുണഭോക്താക്കൾ നിലവിലുണ്ട് .2019-20 ൽ പ്രൊജക്റ്റ് നം :199/19-20 പ്രകാരം 100000/-(ബ്ലോക്ക് വിഹിതം), പ്രൊജക്റ്റ് നം 11/19-20- 300000/- രൂപ, പ്രൊജക്റ്റ് നം 13/19-20- 200000/- രൂപ (ആകെ 6 ലക്ഷം രൂപ ) അസി.സെക്രട്ടറി സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. ആയത് ഭക്ഷ്യധാന്യ കിറ്റ് വിതരണത്തിന് മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. മറ്റ് ആനുകൂല്യങ്ങൾക്ക് വേണ്ടി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രൊജക്റ്റുകൾ തയ്യാറാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പാലിന് സബ്സിഡി പദ്ധതി - സാമ്പത്തികവർഷത്തിൽ എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ ,പേര് | 142 , ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| അടങ്കൽ | 1520234 ( വികസനഫണ്ട് - 800000 + ബ്ളോക്ക് ഷെയർ - 360234 + ജില്ലാ പഞ്ചായത്ത് ഷെയർ - 360000 ) |
| ചെലവ് | 1)ബിൽ നമ്പർ - 1 – തീയതി 30.03.20 - 5842<br>2) ബിൽ നമ്പർ - 1– തീയതി 23.01.21 - 206302<br>3) ബിൽ നമ്പർ - 2– തീയതി 23.01.21- 163877<br>4) ബിൽ നമ്പർ -3 – തീയതി 23.01.21- 423979<br>5) ബിൽ നമ്പർ - 9– തീയതി 31.03.20 – 2631 (ജില്ലാ പഞ്ചായത്ത് ഷെയർ)<br>6) ബിൽ നമ്പർ - 5 – തീയതി 23.01.21 – 357369 (ജില്ലാ പഞ്ചായത്ത് ഷെയർ)<br>ആകെ - 1160000 (വികസനഫണ്ട് - 800000 + |

| | |
|---|---|
| | ജില്ലാ പഞ്ചായത്ത് ഷെയർ – 360000 ) |

പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനായി 2019-20 വർഷത്തിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു .

1). ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന 808 ഗുണഭോക്താക്കൾക്ക് ഒരു വർഷം പരമാവധി 30000 രൂപയിൽ അധികരിക്കാതെ പാലിന് സബ്സിഡി നൽകാനായിട്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രോജക്റ്റിൽ ആവശ്യമായ തുക വകയിരുത്താത്ത കാരണം 2019 ഏപ്രിൽ, മെയ് ജൂൺ മാസങ്ങളിലെ പാലളവിന് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ജൂലായ് 2019 മുതൽ മാർച്ച് 2020 വരെ പാലളവിന് കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.

2).വികസന ഫണ്ട് (ജനറൽ) 800,000/- രൂപ ലിറ്ററൊന്നിന് 0.83513 രൂപ നിരക്കിൽ 720കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം 360000/- രൂപ 720 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് ലിറ്ററൊന്നിന് 0.57167 എന്ന അനുപാതത്തിലാണ് . സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള അനുപാതത്തിലല്ല തുക വിതരണം ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി 40,000/- ഒരു കർഷകന് നൽകാവുന്നതാണ്.

3).ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ സമർപ്പിച്ച പാലളവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് , ഫയലിൽ ഹാജരാക്കിയിട്ടുള്ള Tabulation Statement എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -11 തീയതി 30.05.22 ) മറുപടി ലഭ്യമായിട്ടില്ല.

ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 126 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 39 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹79503998 വകയിരുത്തിയതിൽ ₹22447008 ആണ് ചെലവഴിച്ചിട്ടുള്ളത്. 28.23% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹57056990/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

അസിസ്റ്റന്റ് എഞ്ചിനിയർ 2/2020, 3/2020 മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 1,02,62,008/- രൂപയുടെ 26 ബില്ലുകൾ മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1711800 | 746189 | 965611 |
| പൊതുവിഭാഗം (എസ്.സി.പി) | 1829500 | 565635 | 1263865 |

| | | | |
|---|---|---|---|
| പൊതുവിഭാഗം (ടി.എസ്.പി) | 602116 | 0 | 602116 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 18773993 | 3089463 | 15684530 |
| തനതു ഫണ്ട് | 28365922 | 7096861 | 21269061 |
| മെയി.ഫണ്ട്(റോഡ്) | 17941246 | 4086140 | 13855106 |
